**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1902** **08-02-2023 - ൽ മറുപടിയ്ക്ക്**

**മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ മണ്ഡലത്തിലെ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യമില്ലാത്തതിനാൽ പരിശീലനത്തിന് വരുന്നവർക്ക് താമസത്തിനും ഭക്ഷണത്തിനുമുള്ള സൗകര്യം ഒരുക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | കണ്ണൂർ ജില്ലയിൽ കക്കാട് പ്രദേശത്ത് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്ലാൻ പ്രകാരമുള്ള ട്രെയിനിംഗ് ഹാളിൽ ഏകദേശം 10 പേർക്കുള്ള ഡോർമെറ്ററി സൗകര്യം ഒരുക്കുന്നതിനുള്ള മുറി ലഭ്യമാണെങ്കിലും സർക്കാർ സ്ഥാപനങ്ങളിൽ ഫർണിച്ചർ വാങ്ങുന്നതിനുള്ള വ്യയനിയന്ത്രണ ഉത്തരവ് നിലവിലുള്ളതിനാൽ ഫർണിച്ചറും മറ്റും വാങ്ങുന്നതിന് നിലവിൽ പ്രായോഗിക ബുദ്ധിമുട്ടുണ്ട്.<br><br>നിലവിൽ പരിശീലനാർത്ഥികൾക്കുള്ള ഉച്ചഭക്ഷണം കുടുംബശ്രീ മുഖേന നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ